# സ്നേഹദൂതുമായി മൻസാരാമും ജഗന്നാഥ് കാക്കയും

**രൺജിത് തങ്കപ്പൻ**

"കേരളത്തിലെ കർഷകർ ആത്മഹത്യ ചെയ്യുകയല്ല, സർക്കാരിൽ സമ്മർദ്ദം ചെലുത്താൻ ഒറ്റക്കെട്ടായി പൊരുതുകയാണു വേണ്ടത്." ഇത്, കടബാധ്യത മൂലം ആത്മഹത്യ ചെയ്യുന്ന കേരളത്തിലെ കർഷകരോട് നർമ്മദാ ബചാവോ ആന്ദോളൻ (N.B.A.) പ്രവർത്തകരായ മൻസാരാമിന്റേയും ജഗന്നാഥ് കാക്കയുടേയും സ്നേഹോപദേശം. മേധാ പട്കറോടൊപ്പം കേരളം സന്ദർശിക്കാനെത്തിയ പതിനാറംഗസംഘത്തിലെ മുതിർന്ന അംഗങ്ങളാണ് ഇവർ.

"കേരളത്തെ പ്രകൃതി സ്വന്തം ഹൃദയം കൊണ്ടാണു സൃഷ്ടിച്ചിരിക്കുന്നത്. ഇവിടെ കാടും കായലും വയലും എല്ലാമുണ്ട്", മധ്യപ്രദേശിലെ കോഠ്ര ഗ്രാമക്കാരനായ മൻസാരാം പറഞ്ഞു.

"ഇവിടത്തുകാർ പ്രകൃതി സൗന്ദര്യം കാത്തു സൂക്ഷിക്കുന്നതിൽ ശ്രദ്ധാലുക്കളാണ്. അവിടെയാകട്ടെ പ്രകൃതി ധ്വംസിക്കപ്പെടുന്നു. സർദാർ - സരോവർ അണക്കെട്ട് എന്റെ ഗ്രാമത്തെയാകെ വെള്ളത്തിൽ മുക്കിക്കൊന്നു കൊണ്ടിരിക്കുന്നു," മൻസാരാം വാചാലനായി.



"കൃഷിയ്ക്കാണ് നാം പ്രാധാന്യം നൽകേണ്ടത്. എന്നാൽ സർക്കാർ നയങ്ങൾ കൃഷി നശിപ്പിച്ചു കൊണ്ടിരിക്കുന്നു", ജഗന്നാഥ് കാക്ക പറഞ്ഞു. ഇരുപതു വർഷത്തോളം രാഷ്ട്രീയം പയറ്റിയ ജഗന്നാഥ് കാക്ക ഇന്ന് മുഴുവൻ സമയം എൻ.ബി. എ. പ്രവർത്തകനാണ്.

"രാഷ്ട്രീയക്കാരെ വിശ്വസിക്കാൻ പറ്റില്ല", ജഗന്നാഥ് കാക്ക തീർത്തു പറയുന്നു. നീണ്ട വർഷത്തെ സമരം കൊണ്ടു നേടിയെടുത്ത സ്വാതന്ത്ര്യം രാഷ്ട്രീയക്കാരുടെ തെറ്റായ നയങ്ങൾ മൂലം വിദേശികൾക്ക് അടിയറ വെയ്ക്കേണ്ട അവസ്ഥയാണുള്ളതെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. അവകാശങ്ങൾ നേടിയെടുക്കാൻ ജനങ്ങൾ ഒന്നിച്ചണിനിരക്കേണ്ടതിന്റെ ആവശ്യകത ഇരുവരും സമ്മതിച്ചു.

മാനവികതയിലൂന്നുന്ന മുന്നേറ്റം കെട്ടിപ്പടുക്കാനാണ് എൻ.ബി.എ. ശ്രമിക്കുന്നതെന്നും മാനവികതയിലൂന്നിയ ആദിവാസി ദലിത് ഐക്യം അനിവാര്യമാണെന്നും അവർ ഒരേ സ്വരത്തിൽ പറഞ്ഞു.

കേരളത്തിലെ പ്രകൃതിയോടു മാത്രമല്ല, മനുഷ്യരോടും ഭക്ഷണത്തോടും ഇവർക്കും പ്രിയംതന്നെ. രാവിലെ കഴിച്ച നീണ്ടു പരന്ന അപ്പത്തിന്റെ പേരു പറയാൻ ബുദ്ധിമുട്ടിയെങ്കിലും കേരളീയ ഭക്ഷണം കെങ്കേമം എന്നു തന്നെയാണ് ഇരുവരുടേയും അഭിപ്രായം.